# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1300** **21.03.2013-ൽ മറുപടിക്ക്**

## അരൂർ - ഇടപ്പള്ളി ഫ്ളൈ ഓവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അരൂർ മുതൽ ഇടപ്പള്ളി വരെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇൻകെൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതിക്ക് കൺസൽട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെയാണ് നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ;<br><br>(ഡി) ബി.ഒ.ടി. അടിസ്ഥാനത്തിലാണോ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ? | (എ), (ബി), (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുള്ള ഗതാഗത പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സാധ്യതാപഠനം നടത്തണമെന്ന് കൊച്ചിയിൽ 02.03.2013-ൽ ചേർന്ന ഒരു യോഗത്തിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സാധ്യതാപഠനം നടത്താൻ ഈജിസ് ഇന്റർനാഷണൽ എന്ന കൺസൽട്ടൻസി കമ്പനിയെ കെ.എസ്.ടി.പി ഏർപ്പെടുത്തിയിട്ടുണ്ട്. സാധ്യതാപഠനത്തിലുണ്ടാകുന്ന നിഗമനങ്ങളെ അടിസ്ഥാനമാക്കി ഏത് സമ്പ്രദായത്തിൽ നടപ്പാക്കുമെന്ന് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ